(ഇ) എങ്കിൽ ഇവരെ നിയമിക്കുന്നതിനെക്കുറിച്ച് ഒരനുകൂല ഉത്തരവ് എത്രയും വേഗം പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ & ബി) വികലാംഗർക്ക് നേരിട്ടു തൊഴിൽ നൽകുന്ന പദ്ധതി പ്രകാരം സംസ്ഥാന സർക്കാരിന്റെ കീഴിൽ 1995 മുതൽ 1677 ഒഴിവുകളാണ് സംവരണം ചെയ്തിട്ടുള്ളത്. ഇവയിൽ 2000 വരെ കോട്ടയം, എറണാകുളം, ജില്ലകളിൽ ഒഴികെ മറ്റു ജില്ലകളിലായി 394 ഒഴിവുകൾ നികത്തിയിട്ടുണ്ട്. കോട്ടയം, എറണാകുളം ജില്ലകളിലെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്

(ഡി) ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണെന്ന് ഉറപ്പ് നൽകിയിരുന്നു.

(ഇ) ഇക്കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്.

വികലാംഗരുടെ ക്ഷേമത്തിനായി നടപടി

36 (609) ശ്രീ. എ. കണാരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വികലാംഗരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ വികലാംഗരുടെ ക്ഷേമത്തിനായി 1995-ലെ കേന്ദ്ര നിയമം സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഇതിനായി പ്രത്യേക കമ്മീഷണറേറ്റ് രൂപീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ വികലാംഗരുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) രക്ഷിതാക്കളും കേൾവിക്കുറവുള്ള കുട്ടികളുമായി സ്വാഭാവികമായ പരസ്പരബന്ധവും സംഭാഷണവും വഴിയുള്ള ഒരു ആശയ വിനിമയ രീതി കെട്ടിപ്പടുക്കുന്നതിന് എന്തെങ്കിലും പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്ത് കേൾവിക്കു തകരാറുള്ള വിദ്യാർത്ഥികൾക്കു വേണ്ടി കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സുകൾ നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) സംസ്ഥാനത്തെ ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ ക്ഷേമത്തിനായി ആധുനിക സൗകര്യങ്ങളുടെ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള പദ്ധതി ഏത് ഘട്ടം വരെ ആയി എന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) സംസ്ഥാനത്തെ വികലാംഗക്ഷേമ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമവും ഫലപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെ വികലാംഗരുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി.

വിദ്യാഭ്യാസം

വികലാംഗ വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനത്തിന് സ്റ്റൈപ്പന്റ്, ഡിഗ്രി കോഴ്സിന് വരെ 3% സംവരണം, പ്രൊഫഷണൽ കോഴ്സുകൾക്ക് സീറ്റു സംവരണം സംയോജിത വിദ്യാഭ്യാസ പദ്ധതി, ശ്രവണ വൈകല്യമുള്ളവർക്ക് വേണ്ടി പ്രത്യേക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു.

തൊഴിൽ

സർക്കാർ സർവ്വീസിലെ ക്ലാസ് III, IV തസ്തികകളിൽ 3% സംവരണം, 1-1-97 മുതൽ 14-8-98 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗർക്ക് സ്ഥിര നിയമനം, അന്ധർ, അസ്ഥിസംബന്ധമായ വൈകല്യമുള്ളവർ എന്നീ വിഭാഗത്തിൽപ്പെടുന്ന അഭിഭാഷകർക്ക് പ്രാക്ടീസ് തുടങ്ങുന്നതിന് 2500 രൂപ സഹായ ധനം, വായനാ സഹായിയെ നിയമിക്കുവാൻ 1000 രൂപ വീതം 5 വർഷത്തേയ്ക്ക് ധന സഹായം മുതലായവ നൽകി വരുന്നു.

വികലാംഗർക്കായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നു. കൺവേയൻസ് അലവൻസ്, തൊഴിൽ നികുതി ഇളവുകൾ മുതലായവയും വികലാംഗർക്ക് ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരത്തും, കോഴിക്കോട്ടും പ്രവർത്തിക്കുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങളിൽ കമ്പ്യൂട്ടർ ഉൾപ്പെടെ വിവിധ ട്രേഡുകളിൽ വികലാംഗർക്ക് പരിശീലനം നൽകി വരുന്നു. ഇവർക്ക് റേഡിയോ, ടി.വി. സർവ്വീസിംഗിൽ കൂടി ട്രെയിനിംഗ് നൽകുവാൻ ഒരു കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുമതി ഉടനെ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യം

സംസ്ഥാനത്തെ 3 മെഡിക്കൽ കോളേജിലും 4 ജില്ലാ ആശുപത്രികളിലും വികലാംഗർക്കുള്ള സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സൗകര്യങ്ങളുണ്ട്. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണ പരിപാടികൾ നടത്തുകയും സഹായ ഉപകരണങ്ങളുടെ വിതരണത്തിന് ആരോഗ്യ വകുപ്പു ക്യാമ്പുകൾ നടത്തുകയും ചെയ്തു വരുന്നു.

ഗതാഗതം

ട്രാൻസ്പോർട്ട്/പ്രൈവറ്റ് ബസ്സുകളിൽ വികലാംഗർക്ക് അനുവദിച്ചിരുന്ന സൗജന്യം വിപുലമാക്കി. ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കൂടി ട്രാൻസ്പോർട്ട് ബസ്സിൽ കൺസഷൻ അനുവദിച്ചു.

പെൻഷൻ

പ്രതിമാസം 110 രൂപ നിരക്കിൽ താഴ്ന്ന വരുമാനക്കാരായ വികലാംഗർക്ക് പെൻഷൻ നൽകി വരുന്നു.

ചികിത്സാ സഹായം

12,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള വികലാംഗർക്ക് ചികിത്സയ്ക്ക് 5000 രൂപ വരെ സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകുന്നു.

തിരിച്ചറിയൽ കാർഡ്

20-1-2001 ലെ ജി. ഒ (ആർ.ടി) 22/2001/സാ.ക്ഷേ.വ. പ്രകാരം സംസ്ഥാനത്തെ എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിനു ജില്ലാ സാമൂഹ്യക്ഷേമ ആഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ നാലായിരത്തിൽപ്പരം തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്.

നികുതി

തൊഴിൽ നികുതി അടയ്ക്കുന്നതിൽ നിന്നും വികലാംഗരെ നേരത്തെ തന്നെ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ അന്ധർക്ക് ഈ ആനുകൂല്യം ലഭിച്ചിരുന്നില്ല. 27-11-2000-ലെ ജി.ഒ.(ആർ.ടി) 4756/2000/ത.ഭ.വ പ്രകാരം പഞ്ചായത്തുകൾ ഈടാക്കാറുള്ള തൊഴിൽ നികുതിയിൽ നിന്നും അന്ധരെ ഒഴിവാക്കി. മുൻസിപ്പാലിറ്റിയിലും കോർപ്പറേഷനുകളിലും കൂടി ഈ ആനുകൂല്യം നടപ്പാക്കാൻ വേണ്ട നടപടി എടുത്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അവാർഡ്

മികച്ച സേവനത്തിന് വികലാംഗർക്കും വികലാംഗ സംഘടനകൾക്കും അവാർഡ് നൽകി വരുന്നു (സർക്കാർ-സർക്കാരിതര മേഖലകളിൽ)

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

വികലാംഗർക്ക് വിവിധതരം സഹായ ഉപകരണങ്ങൾ സൗജന്യമായി നൽകി വരുന്നതു കൂടാതെ സ്വയം തൊഴിലിനുവേണ്ട ബാങ്ക് വായ്പകൾ സൗകര്യപ്പെടുത്തുക, 2000 രൂപ സബ്സിഡി നൽകുക മുതലായ സേവനങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷൻ ചെയ്തു വരുന്നു. ഇതിനു പുറമെ സഹായ ഉപകരണങ്ങൾ കെൽട്രോണിൽ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.

(ബി& സി) ഉണ്ട്. ടി നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സ്റ്റേറ്റ് കമ്മിഷണർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റിസിനെയും കോപ്പീറ്റൻഡ് അതോറിറ്റിയേയും നിയമിച്ചു കഴിഞ്ഞു. ഇതിനു പുറമെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും കോ-ഓർഡിനേഷൻ കമ്മിറ്റിയും ഡിസ്ട്രിക്റ്റ് എക്സിക്യൂട്ടീവ് കമ്മിറ്റികളും സംസ്ഥാന പോളിസി രൂപീകരിക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ ക്രമമായി യോഗം ചേരുകയും സംസ്ഥാനത്തെ വികലാംഗർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവലോകനം ചെയ്യുകയും അവ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു നടപ്പിലാക്കുകയും ചെയ്തു വരുന്നു. വികലാംഗക്ഷേമത്തിനുവേണ്ടി നിയമിതനായ സ്റ്റേറ്റ് കമ്മീഷണറുടെ ആഫീസ് സെക്രട്ടറിയേറ്റ് അനക്സിൽ പ്രവർത്തിച്ചു വരുന്നു. 99 ഡിസംബറിലാണ് കമ്മീഷണറേറ്റിലേയ്ക്ക് വേണ്ട ജീവനക്കാരെ നിയമിച്ചത്.

(ഡി) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	ആവശ്യപ്പെട്ടിട്ടുള്ള ഗ്രാന്റ് തുക
1. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക് പരിശീലനം നൽകുന്ന പദ്ധതി	34,74,540 രൂപ
2. 15 വയസ്സിനു മുകളിൽ പ്രായമുള്ള ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി	12,18,870 "
3. ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് സ്പെഷ്യൽ സ്കൂൾ സ്ഥാപിക്കുന്നത് സംബന്ധിച്ച പദ്ധതി	28,29,060 "

LIBRARY ARCHIVES Kerala Legislative Assembly

4. ബധിരർക്ക് മോഡൽ സ്കൂൾ	18,66,000	"
5. ബധിരർക്കുള്ള തൊഴിലധിഷ്ഠിത കോഴ്സ്	43,97,000	"
6. സ്പീച്ച് സയൻസ് ലബോറട്ടറി	10,75,000	"
7. ശ്രവണ സഹായി സൗജന്യ വിതരണം	10,00,000	"

(ഇ) ഉണ്ട്. ഇതിനായി നിഷിൽ ഗ്രീ സ്കൂൾ & പേരന്റ് സെന്റർ ആരംഭിച്ചിട്ടുണ്ട്. ഇവിടെ 3 വയസ്സിനു താഴെയുള്ള 55 കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു.

(എഫ്) സ്വീകരിച്ചിട്ടുണ്ട്. കേൾവി കുറവുള്ള കുട്ടികൾക്ക് വേണ്ടി നിഷിൽ "ഡിപ്ലോമ ഇൻ സോഫ്റ്റ് വെയർ സിസ്റ്റംസ്" എന്ന കമ്പ്യൂട്ടർ കോഴ്സ് നടത്തുന്നുണ്ട്. ഓരോ വർഷവും 15 പേരെ പ്രവേശിപ്പിക്കുന്ന ടി കോഴ്സിന്റെ കാലാവധി 3 വർഷമാണ്. 2008-ൽ പ്രവേശിപ്പിച്ച ആദ്യ ബാച്ച് ഈ വർഷം കോഴ്സ് പൂർത്തിയാക്കും. കേൾവി കുറവുള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ സിലബസും പരീക്ഷാ സമ്പ്രദായവുമാണ് ടി കോഴ്സിന്റെ പ്രത്യേകത.

(ജി) തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ഹോം ഫോർ മെന്റലി ഡിഫിഷ്യന്റ് ചിൽഡ്രൺ എന്ന സ്ഥാപനം ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് ഒരു ദേശീയ ഇൻസ്റ്റിറ്റ്യൂട്ടായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായി ഹോർട്ടികൾച്ചർ തെറാപ്പി, യോഗ തെറാപ്പി, മ്യൂസിക് തെറാപ്പി എന്നി പരിശീലനത്തിന്റെ ഭാഗമായി നൽകി വരുന്നു. ടി ഇൻസ്റ്റിറ്റ്യൂട്ടിൽ ഡോക്യുമെന്റേഷൻ ആന്റ് ഇൻഫർമേഷൻ സെന്റർ, ബുദ്ധിപരിശോധന കേന്ദ്രം, പേരന്റ് കൗൺസിലിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ, ഫിസിയോ തെറാപ്പി സെന്ററും ഒരു ഗൈഡൻസ് സെന്ററും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടു കൂടിയുള്ള ഡിപ്ലോമ ഇൻ സ്പെഷ്യൽ എഡ്യൂക്കേഷൻ എന്ന കോഴ്സും ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(എച്ച്) നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വികലാംഗക്ഷേമ പ്രവർത്തങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തുന്നതിനും കാര്യക്ഷമവും ഫല പ്രദവുമായ നടപടി സ്വീകരിക്കുന്നതിനും 1995-ലെ വികലാംഗക്ഷേമ നിയമം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിനും വേണ്ടി ആവശ്യമായ സ്റ്റാഫ് സഹിതം സ്റ്റേറ്റ് കമ്മീഷണറുടെ ആഫീസ് പ്രവർത്തിക്കുന്നുണ്ട്.

ജുവനൈൽഹോമിലെ തൊഴിലാളികൾ

37 (610) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഗവൺമെന്റ് ജുവനൈൽ ഹോമിലെ ദിവസക്കൂലിക്കാരായി കെയർടേക്കറായി ജോലി നോക്കുന്നവർക്ക് മാസങ്ങളായി വേതനം ലഭിക്കുന്നില്ലാ എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly